തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

287 (264) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര വകുപ്പിൽനിന്നും തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെയും കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തരവകുപ്പിൽ നിന്നും തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. എം.ഒ.പി.എഫ്. 2013-14-ൽ ഉൾപ്പെടുത്തി കൽപ്പകഞ്ചേരി പോലീസ് സ്റ്റേഷനിൽ വനിതാ പോലീസ് വിശ്രമ മുറി നിർമ്മിക്കുവാൻ 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. പതിമൂന്നാമത് ധനകാര്യ കമ്മീഷൻ അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങളിൽ താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തിരൂരിൽ നിർമ്മിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(എ)	ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റന്റ് സെന്റർ	20 ലക്ഷം രൂപ
(ബി)	എ ടൈപ്പ് ഡോർമിറ്ററി	100 ലക്ഷം രൂപ
(സി)	ബി ടൈപ്പ് ഡോർമിറ്ററി	25 ലക്ഷം രൂപ
(ഡി)	കമ്മ്യൂണിറ്റി പോലീസ് റിസോഴ്സ് സെന്റർ	25 ലക്ഷം രൂപ

പോലീസ് മർദ്ദനം

288 (265) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ബേസിൽ മത്തായി, ഇലഞ്ഞിക്കമാലി വീട്, ആലാട്ടുചിറ പി.ഒ., പെരുമ്പാവൂർ, എറണാകുളം എന്നയാളെ വീട്ടിൽ നിന്നും ബലമായി ഇറക്കി സ്വകാര്യ വാഹനത്തിൽ കയറ്റിയശേഷം കോതമംഗലം സബ് ഇൻസ്പെക്ടർ സുധീർ മനോഹർ, കാലടി പോലീസ് സ്റ്റേഷനിലെ ഡ്രൈവർ അനീഷ് റ്റി. എസ്. തുടങ്ങി ആറ് പേർ ചേർന്ന് ഭീകരമായി മർദ്ദിച്ചത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പ് പ്രകാരമെന്ന് അറിയിക്കുമോ;

(സി) അനീഷ് റ്റി .എസ്.-ന് എതിരെ ശ്രീ. ബേസിൽ മത്തായി മുൻപ് എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) മർദ്ദന ആവശ്യത്തിന് ബേസിൽ മത്തായിയെ കയറ്റിക്കൊണ്ടുപോയ സ്വകാര്യ വാഹനം തിരിച്ചറിഞ്ഞിട്ടുണ്ടോ;

(ഇ) ഈ വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ എത്രയെന്നും ഉടമ ആരെന്നും വ്യക്തമായിട്ടുണ്ടോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതിയെപ്പറ്റി അന്വേഷണം നടത്തുകയും പരാതിയിൽ പറയുന്ന സംഭവസ്ഥലം മൂവാറ്റുപുഴ സബ് ഡിവിഷൻ പരിധിയിൽ ആണ് എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് മൂവാറ്റുപുഴ ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) ഇല്ല. ടി പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ പരാതിയിൽ പറയുന്ന പ്രകാരം മർദ്ദനം നടന്നിട്ടില്ല എന്ന് വെളിവായിട്ടുള്ളതാണ്.

(സി) പരാതി നൽകിയിട്ടുണ്ട്. പരാതിയിൽ പറയുന്ന കാര്യങ്ങൾ അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതും അന്വേഷണത്തോട് പരാതിക്കാരൻ സഹകരിച്ചിട്ടില്ലാത്തതുമാണ്. ആയതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഉണ്ട്.

(ഇ) കെ.എൽ-43 എ/8904 ഇന്നോവ. അമ്മിണി റെജി, പാലക്കുന്നേൽ വീട്, ക്കുരംകുന്ന്, പോത്താനിക്കാട് എന്നയാളുടെ ഉടമസ്ഥതയിലാണ് ഈ വാഹനം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്.

സിവിൽ കേസ്സുകളിൽ പോലീസിന്റെ നിഷ്ക്രിയത്വം

289 (266) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സ്വഭാവത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പോലീസ് സ്റ്റേഷനുകളിൽ കൈകാര്യം ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly